## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4966 - 04/07/2012-ലെ മറുപടിക്ക്**

ധനകാര്യ വകുപ്പിന്റെ കീഴിലെ സ്വയംഭരണ സ്ഥാപനങ്ങൾ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീമതി. കെ.കെ.ലതിക :** | **ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) | ധനകാര്യ വകുപ്പിന്റെ കീഴിൽ എത്ര സ്വയംഭരണ സ്ഥാപനങ്ങൾ പരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടെ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ; | ധനകാര്യ വകുപ്പിന്റെ കീഴിൽ താഴെപ്പറയുന്ന നാല് സ്വയംഭരണസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br>1. 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻസ് ആക്ട് പ്രകാരം സ്ഥാപിതമായ (സ്റ്റാറ്റ്യൂട്ടറി സ്ഥാപനമായ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC).<br>2. കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB).<br>3. കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് (KSFE).<br>4. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT). |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനം, പ്രൊമോഷൻ എന്നിവ സംബന്ധിച്ച് പ്രത്യേകം നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിലെ പ്രവേശന തസ്തികകളിലെ നിയമനങ്ങളെല്ലാം വളരെ നേരത്തെ തന്നെ പി.എസ്.സി -ക്ക് വിട്ടിട്ടുള്ളതാണ്. ഇത് സംബന്ധമായ സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. കൂടാതെ അസിസ്റ്റന്റ് മാനേജർ തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകൾ പ്രൊമോഷൻ, നേരിട്ടുള്ള നിയമനം, ഡെപ്യൂട്ടേഷൻ എന്നിവ |

| | | |
|---|---|---|
| | | വഴി നികത്താവുന്നതാണെന്ന് സ്റ്റാഫ് റെഗുലേഷനിൽ വ്യവസ്ഥയുണ്ട്. ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ ഈ സ്റ്റാഫ് റെഗുലേഷനിൽ അനുശാസിക്കുന്നുണ്ട്.<br>കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ നിയമനം, പ്രൊമോഷൻ എന്നിവ സംബന്ധിച്ച് പ്രത്യേകം നിയമങ്ങളും ചട്ടങ്ങളും നിലവിലില്ല. KIIF ആക്ട് സെക്ഷൻ 10 പ്രകാരം ഡെപ്യൂട്ടേഷൻ മുഖേന ധനകാര്യ വകുപ്പിൽ നിന്നാണ് ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നത്. ബോർഡിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്ന നടപടികളുടെ ഭാഗമായി നിലവിൽ സ്ഥിരമായി കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ ആരെയും നിയമിച്ചിട്ടില്ല. ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥന് അധികചുമതല നൽകിയാണ് അവശേഷിക്കുന്ന പ്രവർത്തനം നടത്തുന്നത്.<br>കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിലെ നിയമനം, പ്രൊമോഷൻ എന്നിവ അംഗീകൃതമായ റിക്രൂട്ട്മെന്റ് റൂൾസ് അനുസരിച്ചാണ് നൽകിവരുന്നത്. നിയമന കാര്യത്തിൽ ഓഫീസ് അറ്റന്റന്റ്, അസിസ്റ്റന്റ്, എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള ജൂനിയർ മാനേജർ എന്നീ തസ്തികകളിൽ പി.എസ്.സി വഴിയും പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് പരിഗണിച്ചും ഇന്റർവ്യൂ നടത്തിയും ആണ് നിയമനം നൽകുന്നത്. |

| | | |
|---|---|---|
| | | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനത്തിന്റെ ഗവേണിങ് ബോഡി അംഗീകരിച്ച സർവ്വീസ് റൂൾ നിലവിലുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന വകുപ്പുകൾ പ്രകാരമാണ് ഈ സ്ഥാപനത്തിലെ നിയമനങ്ങളും പ്രമോഷനുകളും നടത്തുന്നത്. |

സെക്ഷൻ ഓഫീസർ